"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കേരളീയ പ്രവാസികാര്യ വകുപ്പ് - പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം - 2024 - 25 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ തുകയിൽ നിന്നും 60 ലക്ഷം രൂപ ആദ്യ ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (എ) വകുപ്പ്**

---

സ.ഉ.(സാധാ) നം.537/2024/NORKA തീയതി,തിരുവനന്തപുരം, 09-07-2024

പരാമർശം:- 1. സ.ഉ.(സാധാ) നം.464/2024/നോർക്ക തീയതി 26/06/2024.

2. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02/07/2024 തീയതിയിലെ റൂട്ട്സ്/643/2024-സിസി&ജിഡി2 നമ്പർ കത്ത്

**ഉത്തരവ്**

പ്രവാസി സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് വേണ്ടി 2024 - 2025 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2230-01-800-90 (P) ശീർഷകത്തിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ച് പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പ്രവാസ ജിവിതം കഴിഞ്ഞ് തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസവും സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് ആരംഭിച്ചിട്ടുള്ള പ്രവാസി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഇത്തരം സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി രൂപീകരിച്ച പ്രവാസി സംരംഭങ്ങൾക്കുള്ള ധനസഹായ പദ്ധതിയുടെ നടത്തിപ്പിനായി ഭരണാനുമതി നൽകിയ തുകയിൽ നിന്നും ആദ്യ ഗഡുവായി 60 ലക്ഷം രൂപ അനുവദിക്കണമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം പദ്ധതിയുടെ നടത്തിപ്പിനായി 2024 - 2025 സാമ്പത്തിക വർഷത്തിൽ 2230-01-800-90 (P) ശീർഷകത്തിൽ വകയിരുത്തി ഭരണാനുമതി നൽകിയ 1 കോടി രൂപയിൽ നിന്നും ആദ്യ ഗഡുവായി 60,00,000/- രൂപ (അറുപത് ലക്ഷം രൂപ മാത്രം) നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ അനുവദിച്ചുകൊണ്ടും, പ്രസ്തുത തുക 010167D061 എന്ന

ഡി.ഡി.ഒ. കോഡ് വഴി പിൻവലിക്കുന്നതിന് നോർക്ക റൂട്ട്സ് ഡി ഡി ഒ ആയ ഫിനാൻസ്& അക്കൗണ്ട്സ് മാനേജർക്ക് അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പദ്ധതിയ്ക്കുള്ള ഫണ്ട് പിൻവലിക്കുന്നതിനായി നിലവിലുള്ള എല്ലാ വ്യവസ്ഥകളും കൃത്യമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിന്ധു എസ്
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Roopa. S. Thampi
Date: 10-07-2024 10:26:52
സെക്ഷൻ ഓഫീസർ